ഈ വ്യവസ്ഥകൾ പുതുക്കി അയവുവരുത്തി, കൂടുതൽ ഉദാരമാക്കികൊണ്ട് സഹകരണ സംഘത്തെ പ്രോൽസാഹിപ്പിക്കത്തക്കരീതിയിൽ ഭേദഗതിചെയ്യുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ : കേരള റേഷനിങ്ങ് ആർഡർ അനുസരിച്ചാണ് വ്യവസ്ഥയുള്ളത്. കേരള റേഷനിങ്ങ് ആർഡർ മുഖേന ഉദ്ദേശിക്കുന്നത് ഏതെങ്കിലുമൊരു ആളിന് ഹോൾസെയിൽ ഡിപ്പോ നടത്താനുള്ള അനുവാദം ഗവൺമെന്റ് കൊടുത്തു കഴിഞ്ഞാൽ അയാൾക്ക് അത് തടസ്സം കൂടാതെ നടത്താൻ കഴിയണമെന്നാണ്. ലക്ഷക്കണക്കിനു രൂപ ആഴ്ചയിൽ ചെലവഴിക്കാൻ കഴിയണം. ഇങ്ങനെയുള്ള പല സംഗതികളുമുണ്ട്. സഹകരണസംഘത്തെ സംബന്ധിച്ചിടത്തോളം അവരുടെ ഫൈനാൻഷ്യൽ സ്റ്റെബിലിറ്റി ഒരു പ്രധാനപ്പെട്ട ഘടകമാണ്.

ശ്രീ. ഒ. ഭരതൻ : റേഷൻ മൊത്തവിതരണം സ്വകാര്യവ്യക്തികൾക്ക് അനുവദിക്കുന്നതിനെതിരായിട്ട് അധികൃതരുമായി സംസാരിക്കാൻപോയ നിയമസഭാംഗം ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്കലിനെ സിദ്ധാർത്ഥൻകാട്ടുകള്ളൻ എന്ന് പറഞ്ഞ ഫിലോമിനയെന്ന ഡി. എസ്. ഒ. യെ ഇപ്പോൾ എവിടേക്കാണ് നിയമിച്ചിട്ടുള്ളത്. അവരുടെ ട്രാൻസ്ഫർ റദ്ദാക്കി പഴയ സ്ഥാനത്ത് നിയമിക്കാൻ പോകുന്നതായിട്ട് അറിയുന്നു. അത് ശരിയാണോ?

ശ്രീ. യു. എ. ബീരാൻ : ഫിലോമിന ഒരു ഗോഡൗൺ അല്ല. ഗോഡൗണിന്റെ കാര്യമാണ് ഈ ചോദ്യത്തിൽ പ്രധാനമായിട്ടുള്ളത്.

കേരക്കൃഷി ശാസ്ത്രീയമാക്കുന്നതിനുള്ള പദ്ധതി

*112 [154] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

„ കാനം രാജേന്ദ്രൻ :

„ പി. കുമാരൻ :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കേരക്കൃഷി കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് ഗവൺമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്താണത്;

(ബി) കേര വൃക്ഷങ്ങളുടെ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന് സഹായകമായ എന്തെങ്കിലും പരിപാടി ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തെങ്ങുകൾക്ക് രാസവളം ഉപയോഗിക്കുന്നതിന് കർഷകരെ ബോധവാൻമാരാക്കുന്ന പരിപാടി സർക്കാരിനുണ്ടോ;

(ഇ) തെങ്ങുകൃഷിക്ക് രാസവളത്തിന്റെ കാര്യത്തിൽ വല്ല സാമ്പത്തിക ആനുകൂല്യവും സർക്കാർ നൽകുന്നുണ്ടോ;

(എഫ്) എങ്കിൽ ഏതുവിധത്തിലുള്ള ആനുകൂല്യങ്ങൾ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്ബ്):

(എ) തെങ്ങുകൃഷി പാക്കേജ് പദ്ധതി, തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി, സങ്കരയിനം തൈകളുടെ ഉല്പാദനത്തിനുള്ള പദ്ധതി, നല്ലയിനം തെങ്ങിൻതൈകളുടെ ഉല്പാദനത്തിനും വിതരണത്തിനുമുള്ള പദ്ധതി, തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യം നൽകുന്നിനുള്ള പദ്ധതി എന്നിവയാണ് കേര കൃഷി കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് കേരളത്തിൽ നടപ്പാക്കിവരുന്നത്.

(ബി) ഉണ്ട്.

(സി) കാറ്റുവീഴ്ചരോഗം കൂടുതൽ സ്ഥലത്തേക്കു വ്യാപിക്കാതിരിക്കുന്നതിന് രോഗം ബാധിച്ച തെങ്ങുകൾ സഹായധനം നൽകി വെട്ടി മാറ്റുന്ന പദ്ധതി, തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതി, സമഗ്ര തെങ്ങു മരുന്നുതളി പദ്ധതി തെങ്ങോലപ്പുഴു വീഴ്ചയെ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ തെങ്ങുകൃഷിയുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ച് പഠനപര്യടന പദ്ധതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ കൃഷിക്കാരെ ബോധവാന്മാരാക്കുന്നുമുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയനുസരിച്ച് തെങ്ങിൻതൈകൾക്ക് തുടർച്ചയായി മുന്നുകൊല്ലം അമ്പതു ശതമാനം സൗജന്യനിരക്കിൽ വളം നൽകുന്നുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : കേരളത്തിലെ പ്രധാനപ്പെട്ട കൃഷികളിൽ ഒന്നാണ് കേരകൃഷി. കേരകൃഷി വികസിപ്പിക്കുന്നതിനുവേണ്ടി നാശം വന്ന തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനും പുതിയ കൃഷി നടത്തുന്നതിനും റബ്ബർ കൃഷിക്കാർക്ക് കൊടുക്കുന്നതുപോലെയുള്ള സബ്സിഡിയും ആ നിരക്കിലുള്ള കടവും കൊടുക്കാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്ബ്: കടം കൊടുക്കാനുള്ള പദ്ധതി ഒന്നുമില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : 1982-ൽ 400 കോടി നാളികേരം ഉല്പാദിപ്പിച്ചിരുന്നു എന്നാണ് കണക്ക്. ഇന്ന് അത് മുന്നൂറായി കുറഞ്ഞിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

വെന്ന് ഗവൺമെന്റ് പറഞ്ഞിരിക്കുകയാണ്. തെങ്ങുകൾക്കുള്ള രോഗബാധയാണ് ഇതിന് കാരണമെന്നും പറഞ്ഞു. ഈ രോഗനിവാരണത്തിന് വേണ്ടി ഗവൺമെന്റ് ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നു. ഈ രോഗം ഫലപ്രദമായി തടയുന്നതിനും കൂടുതൽ നാളികേരം ഉല്പാദിപ്പിക്കുന്നതിനും വേണ്ടി സമഗ്രമായ ഒരു പദ്ധതി ഗവൺമെന്റ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്ബ് : രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നുണ്ട്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനുവേണ്ടി 75 രൂപ കൊടുക്കുന്നുണ്ട്. ആ സ്ഥലത്ത് പുതിയ തെങ്ങിൻ തൈകൾ വയ്ക്കുന്നതിന് സബ്സിഡി നിരക്കിൽ തൈകൾ കൊടുക്കുന്നുണ്ട്. ഓലചീയലിന് മരുന്നുതളി മുമ്പ് പഞ്ചായത്താണ് നടത്തിയിരുന്നത്. പഞ്ചായത്തുകൾ മരുന്നുതളി നടത്തിയിരുന്നപ്പോൾ അത് ശരിയായി കൈകാര്യം ചെയ്യാൻ പറ്റിയില്ല. അതുകൊണ്ട് ഗവൺമെന്റ് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. മുഴുവനും ആയിട്ടില്ല. ഇപ്പോൾ കുറെ സമാധാനമുണ്ടായിട്ടുണ്ട്.

ശ്രീ. പി. കുമാരൻ : കാറ്റുവീഴ്ചരോഗം വന്നാൽ തെങ്ങുകൾ വെട്ടിമാറ്റുക മാത്രമാണോ പ്രതിവിധി? അതിന് വേറെ എന്തെങ്കിലും പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്ബ് : എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കൊല്ലങ്ങളായി കാറ്റുവീഴ്ച രോഗം മാറ്റുന്നതിനുവേണ്ടി ഗവൺമെന്റ് പദ്ധതികൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇനിയും ഇതേപ്പറ്റി ആലോചിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. കുമാരൻ : റബ്ബർകൃഷിക്ക് നൽകുന്നതുപോലെ തെങ്ങ് കൃഷിയുടെ വികസനത്തിനും ലോണും ഗ്രാന്റും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്ബ്: തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. ജിനദേവൻ : ഇവിടെ വികസിപ്പിച്ചെടുത്തിട്ടുള്ള സങ്കരവർഗ്ഗം തെങ്ങിൻതൈകൾ, ടി x ഡിയും ഡി x ടി. യുമൊക്കെ ഇവിടെ നട്ട് ഏതാനും വർഷം കഴിയുമ്പോൾ കായ്ക്കുന്നുണ്ടെങ്കിലും അതിന്റെ ആയുസ്സ് വളരെ കുറവാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പുതുതായി ഏതെങ്കിലും സങ്കരയിനം വികസിപ്പിച്ചെടുക്കാൻ നടപടിയുണ്ടോ? അടുത്തകാലത്ത് അങ്ങനെ ഏതെങ്കിലും ഇനം വികസിപ്പിച്ചെടുത്തിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്ബ് : ആയുസ്സ് കുറവാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അമ്പതിനായിരത്തോളം ടി സങ്കരയിനം തെങ്ങിൻതൈകൾ ഇവിടെ ഉല്പാദിപ്പിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണ്. ഇതനുസരിച്ച് വിതരണം നടത്തുന്ന ഒരു തെങ്ങിൻതൈയുടെ വില 10 രൂപ 75 പൈസയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജിനദേവൻ : ടി x ഡി-യും, ഡി x ടി. ഈ ഇനം അല്ലാതെ പുതുതായി വേറെ ഏതെങ്കിലും സങ്കരയിനം വികസിപ്പിച്ചെടുക്കാനുള്ള വല്ല ഗവേഷണവും ഇപ്പോൾ നടക്കുന്നുണ്ടോ? ഈ ഇനം തെങ്ങിന് ആയുസ്സ് കുറവാണെന്നുള്ളത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞിട്ടുള്ളതാണ്. ഇത് കണക്കിലെടുത്ത് പുതിയ ഇനം വികസിപ്പിച്ചെടുക്കാനുള്ള വല്ല പരിപാടിയുമുണ്ടോ? ഗവേഷണങ്ങൾ വല്ലതും നടക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്ബ് : മലേഷ്യയിൽനിന്നും പതിനായിരത്തിലധികം നല്ലയിനം തേങ്ങ കൊണ്ടുവന്ന് മലപ്പുറത്ത് പാകിയിട്ടുണ്ട്. അത് മുളച്ചുവരുന്നുണ്ട്. അത് നല്ലയിനമാണ്. രോഗമൊന്നും ബാധിക്കുകയില്ലെന്നാണ് പറയുന്നത്.

ശ്രീ. വി. വി. ജോസഫ് : തെങ്ങിന് മരുന്ന് തളിക്കുന്നത് പഞ്ചായത്തിനെ ഏൽപ്പിച്ചിരുന്നത് ഇപ്പോൾ ഡിപ്പാർട്ട്മെന്റ് നേരിട്ടാക്കിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിന്റെ ഫലമെന്താണെന്നു വച്ചാൽ നേരിട്ട് കൃഷിക്കാർക്ക് തുരിശ് കൊടുക്കുകയും കൃഷിക്കാർ ഇഷ്ടംപോലെ റബ്ബറിനും മറ്റും അത് തളിക്കുകയും ചെയ്യുന്ന നടപടിയാണ് കണ്ടുവരുന്നത്. അതുകൊണ്ട് ഉദ്ദേശിച്ച ഫലം നടക്കാത്തതുകൊണ്ട് പഴയതുപോലെ പഞ്ചായത്തിനെയോ, അല്ലെങ്കിൽ സഹകരണസംഘങ്ങളേയോ മരുന്നുതളി ഏൽപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ് : അത് ശരിയാവുകയില്ലായെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് നേരിട്ട് കൊടുക്കാൻ തീരുമാനമെടുത്തത്.

ശ്രീ. എം. കെ. കേശവൻ : തെങ്ങ്കൃഷി മെച്ചപ്പെടുത്താനുള്ള പദ്ധതിയുടെ ഭാഗമായി ഏലാ വികസന സമിതികളിൽക്കൂടി ഇപ്പോൾ സങ്കരയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നുണ്ട്.. സങ്കരയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യലും മരുന്നു തളിക്കുന്നതിന് ആവശ്യമായ വസ്തുക്കൾ വിതരണം ചെയ്യലും ഏലാകളിൽ കൂടിയാണ്. ആ ഏലാകളിൽ പ്രവർത്തിക്കുന്ന ഏലാ വിക്സന സമിതി കാലാകാലങ്ങളിൽ കൂടാതെ, അവിടത്തെ ഉദ്യോഗസ്ഥന്മാരായിട്ടുള്ള ആളുകൾക്ക് ഇഷ്ടമുള്ളവർക്ക് ഈ വസ്തുക്കൾ കൊടുക്കുന്നതായി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന് എന്ത് നടപടി സ്വീകരിച്ചു?

ശ്രീ. എ. എൽ. ജേക്കബ് : പരാതി ലഭിച്ചിട്ടില്ല. പരാതി ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : കേരളത്തിൽ നാളികേരത്തിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സഹകരണബാങ്കിന്റെ നിയന്ത്രണത്തിൽ നബാർഡുമായി ആലോചിച്ച് വരുന്ന അഞ്ച് വർഷം കൊണ്ട്, ഇന്ന് ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ ഉൽപ്പാദനം 50 ശതമാനം വർദ്ധിപ്പിക്കാനുള്ള ഒരു വികസന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന സബ്സിഡി കൃത്യമായും, വളം, കീടനാശിനി ഇതൊക്കെ കൊടുത്ത്, സഹകരണസ്ഥാപനത്തിൽകൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ഗവൺമെന്റിന്റെ സഹായസഹകരണം ഉണ്ടാകുമോ?

ശ്രീ. എ. എൽ. ജേക്കബ് : ആലോചിച്ച് വേണ്ടത് ചെയ്യുന്നതാണ്.

അസാധാരണ കൊലപാതകങ്ങൾ

*113. [155] ശ്രീ. ജി. കാർത്തികേയൻ :

„ കെ. സി. ജോസഫ് :

„ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :

„ എ. സി. ജോസ്:

„ കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അസാധാരണമായ കൊലപാതകങ്ങൾ നടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) ഇവ കൈകാര്യം ചെയ്യാൻമാത്രം പ്രത്യേക വൈദഗ്ദ്ധ്യം സിദ്ധിച്ച കുറ്റാന്വേഷക വിഭാഗമുണ്ടോ;

(ഡി) ഇപ്രകാരമുള്ള കൊലപാതകങ്ങൾ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനും, വിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്നതിനും കുറ്റാന്വേഷകരുടെ ഒരു പ്രത്യേക വിഭാഗം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി, ഡി) കുറ്റാന്വേഷണത്തിൽ പ്രത്യേകം ശ്രദ്ധിക്കാൻ ക്രൈംബ്രാഞ്ച്, ക്രൈം ഡിറ്റാച്ച്മെന്റ് മുതലായ സംവിധാനങ്ങൾ നിലവിലുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സാധാരണ കൊലപാതകവും അസാധാരണ കൊലപാതകവും തമ്മിലുള്ള വ്യത്യാസമെന്താണെന്നു പറയാമോ?

ശ്രീ. വയലാർ രവി : അസാധാരണകൊലപാതകമേതെന്ന് ചോദിച്ച ബഹുമാനപ്പെട്ട മെമ്പർതന്നെ വിശദീകരിക്കുന്നതായിരിക്കും നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly